LIBRARY ARCHIVES Kerala Legislative Assembly

പുതിയ റേഷൻ കാർഡുകൾ നൽകുന്നതിലെ കാലതാമസം

51 [365] ശ്രീ. എഴുകോൺ നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പുതിയ റേഷൻ കാർഡുകൾ നൽകുന്നുണ്ടോ;

(ബി) അച്ചടിച്ച റേഷൻ കാർഡുകൾ ഇല്ലാ എന്ന കാരണത്താൽ പുതിയ കാർഡുകൾ നൽകുന്നതിൽ ഉദ്യോഗസ്ഥർ കാലതാമസം വരുത്തുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അപേക്ഷ നൽകിയാൽ ഉടൻതന്നെ പുതിയ റേഷൻകാർഡുകൾ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) ഇതു സംബന്ധിച്ച വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരാതിയില്ല.

(സി) അപേക്ഷ ലഭിച്ച് അതിന്മേൽ അന്വേഷണം നടത്തി ഒരാഴ്ചയ്ക്കുള്ളിൽ പുതിയ റേഷൻ കാർഡ് നൽകിവരുന്നുണ്ട്.

(ഡി) റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, നിലവിലുള്ള ഏതെങ്കിലും റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുണ്ട് അഥവാ ഉൾപ്പെട്ടിട്ടില്ല എന്നു തെളിയിക്കുന്നതിനുള്ള രേഖകൾ, വരുമാന സർട്ടിഫിക്കറ്റ്, നിലവിലുള്ള ഒരു കാർഡിൽനിന്നും പേര്/പേരുകൾ കുറവുചെയ്ത് പുതിയ കാർഡ് വാങ്ങാനാണെങ്കിൽ ഏത് റേഷൻ കാർഡിൽനിന്നാണോ കുറവ് ചെയ്യേണ്ടത് ആ കാർഡുടമയുടെ സമ്മതപത്രം എന്നിവ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർക്ക് അപേക്ഷ നൽകണം. അപേക്ഷയെപ്പറ്റി അന്വേഷിച്ചശേഷം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ പുതിയ കാർഡ് നൽകുന്നു.

അവശ്യ വസ്തുക്കളുടെ അപര്യാപ്തത അനുഭവപ്പെടുന്ന മാവേലി സ്റ്റോറുകൾ

52 [366] ശ്രീ. കെ. സി. വേണുഗോപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾക്ക് ഏറെ പ്രയോജന പ്രദമായ മാവേലി സ്റ്റോറുകളിൽ പലപ്പോഴും അവശ്യ സാധനങ്ങളുടെ അപര്യാപ്തത അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുകാരണം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?